## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1069** **10.06.2019-ൽ മറുപടിക്ക്**

## ഇതരസംസ്ഥാന തൊഴിലാളികൾക്ക് സാമ്പത്തികസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് മരണപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ മൃതദേഹം അവരുടെ നാട്ടുകളിൽ എത്തിക്കുന്നതിന് ഏജന്റുമാർ വൻതുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇപ്രകാരം മരണമടയുന്നവരുടെ മൃതശരീരം വിമാനത്തിൽ കൊണ്ടുപോകുന്നതിന് ആവശ്യമായ സാമ്പത്തികസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;<br><br>(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും ഉണ്ട്. സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേക്ക കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി 2010- ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ വീതം ഓരോ ജില്ലയിലേയും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാർക്ക് നല്കിക്കൊണ്ട് റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഭൗതിക ശരീരം എംബാം ചെയ്ത് സ്വദേശത്തേക്ക് എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവാകുന്ന തുകയോ അല്ലെങ്കിൽ പരമാവധി 50,000/- രൂപയോ ഏതാണ് കുറവ് അത് കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ നിന്നും നൽകി വരുന്നു. മരണം സംബന്ധിച്ച പ്രഥമ വിവര റിപ്പോർട്ട്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് -II പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ |

അടിസ്ഥാനത്തിലാണ് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മേൽ തുക അനുവദിക്കുന്നത്. ടി തുക കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) ന് റീഇമ്പേഴ്സ് ചെയ്ത് നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ